"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 12-08-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - റാന്നി ബ്ലോക്ക് പഞ്ചായത്ത് - കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം എന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1711/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/09/2020

---

പരാമർശം:- 1 പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.07.2020-ലെ SRG/585/20/CC/595/20 നമ്പർ കത്ത്

2 12-08-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.41-ാം നമ്പർ തീരുമാനം

**ഉത്തരവ്**

റാന്നി ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിരിക്കുന്ന പഞ്ചായത്ത് പരിധിയിലുള്ള 545 കുടുംബശ്രീ യൂണിറ്റുകൾക്ക് 45 മുതൽ 60 വരെ ദിവസം പ്രായമുള്ള 50 കോഴിക്കുഞ്ഞുങ്ങളെ വീതം അൻപത് ശതമാനം സബ്സിഡിയോടെ വിതരണം ചെയ്യാൻ ഉദ്ദേശിച്ചുള്ള 'കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം' എന്ന 15 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി, പദ്ധതികളുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതായതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യമാണെന്ന് പരാമർശം (1) മുഖേന ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ 12-08-2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പ്രത്യേകാനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ റാന്നി ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം എന്ന പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE P N
**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, റാന്നി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്). തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ). തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ.) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.09.23 12:45 30 IST
Reason: Approved

സെക്ഷൻ ഓഫീസർ